# പരിതപിക്കാനാകാതെ

വൈകുന്നേരം. ഒരു ചായ കുടിക്കാൻ നാട്ടിൻപുറത്തെ ഒരു ഹോട്ടലിലേക്ക് കയറി. കുറേ പേർ അവിടെ ഇരിക്കുന്നുണ്ടായിരുന്നു. പുറത്ത് നല്ല മഴ. കുടയില്ലാത്തവരായിരുന്ന ഞങ്ങളിൽ പലരും.

ചായക്ക് ഓർഡർ കൊടുത്ത് ഇരിക്കുന്നതിനിടയിൽ അന്നത്തെ ന്യൂസ്പേപ്പറിലൂടെ വെറുതെ ഒന്ന് കണ്ണോടിച്ചു. 3 വയസ്സുകാരിയെ ഒരുത്തൻ കാമം തീർത്തുകൊന്ന വാർത്ത യാണ് പെട്ടെന്ന് ശ്രദ്ധയിൽ പെട്ടത്. എന്നെ അത് വല്ലാതെ ഞെട്ടിച്ചു. ''ഇത് കണ്ടോടാ?'' ഞാൻ കൂട്ടുകാരന് വാർത്ത കാട്ടിക്കൊടുത്ത് സംസാരിച്ചത് അൽപം ഉച്ചത്തിലായിരുന്നു. എന്താണ് സംഭവമെന്ന് എല്ലാവരും എന്നെ ശ്രദ്ധിച്ചു.

''ലോകത്ത് ഇനി പെൺകുഞ്ഞുങ്ങൾക്ക് ജനിക്കേണ്ടേ?'' ഞാൻ തിരക്കി.

''എന്താ സംഭവം മാഷേ?'' ഒരാൾ തിരക്കി.

''ഇത് കണ്ടോ, ഒരുത്തൻ മൂന്ന് വയസ്സുകാരിയെ ബലാൽസംഗം ചെയ്തു കൊന്നെന്ന്?''

''ഓ അതാണോ കാര്യം? ജനിച്ച് ഒരു മാസം തികയാത്ത കുഞ്ഞിനെയും കാമം തീർത്ത് കൊന്ന നാടല്ലേ ഇത്? ദൈവത്തിന്റെ സ്വന്തം നാട്?''

''എന്ത് സംഭവിച്ചു ഈ നാടിന്? ചോദിക്കാനും പറയാനും ഇവിടെ ആരുമില്ലേ?''

''നിങ്ങൾ ഇവിടെയൊന്നുമല്ലേ മാഷേ? ചോദിക്കാനുള്ളവരും പറയാനുള്ളവരും അല്ലാത്തവരു മൊക്കെ ഇവിടെ ഇപ്പോൾ അങ്ങനെയൊക്കെയാണ്.''

നിയമത്തിന്റെ തകരാറും നിയപാലകരുടെ കൈയിലിരിപ്പും ഭരിക്കുന്നവരുടെ പിടിപ്പു കേടുമാണ് നാടിനെ ഇങ്ങനെ വഷളാക്കുന്നത്. മനുഷ്യനെ ചീത്തയാക്കാനും തീവ്രവാദിയും ഭീകരവാദിയുമൊക്കെ ആക്കുവാനുമാണ് ഇപ്പോൾ മീഡിയകളും ശ്രമിക്കുന്നത്.

''കുറ്റവാളികൾക്ക് നൽകുന്ന ശിക്ഷയുടെ കുറവാണ് ഇവിടത്തെ ഏറ്റവും വലിയ പോരായ്മ. ഈ ഭരണസംവിധാനത്തിൽ അങ്ങനെയൊക്കെ തന്നെയാണ് നടക്കുക. രീതി മാറിയാൽ സമാധാനമുണ്ടാകും.'' പ്രായം ചെന്ന ഒരാൾ എല്ലാവരോടുമായി പറഞ്ഞു.

ശിക്ഷയുടെയും ഭരണവ്യവസ്ഥിതിയുടെയും അപര്യാപ്തിയാണ് രാജ്യത്ത് ഇങ്ങനെ കുറ്റകൃത്യങ്ങൾ പെരുകാൻ കാരണമെന്ന് അവിടെ കൂടിയിരുന്നവർ അഭിപ്രായപ്പെട്ടു.

കുറ്റം ചെയ്ത് പോലീസിന്റെ പിടിയിൽ അകപ്പെട്ടാൽ ആദ്യം തിരയുന്നത് നാട്ടിൽ സ്വാധീനമുള്ളവരെയോ രാഷ്ട്രീയനേതാക്കളെയോ ആയിരിക്കും. ഏതെങ്കിലും വിധേന രക്ഷ പ്പെടുകയാണാവശ്യം. ഇക്കാര്യത്തിൽ എല്ലാവരും തുല്യരാണ്. ഒരു തവണ രക്ഷപ്പെട്ടവൻ അബദ്ധം തിരുത്താനല്ല ശ്രമിക്കുക, വീണ്ടും അതാവർത്തിക്കാനാണ് നോക്കുക. രാഷ്ട്രീയ സ്വാധീനമുണ്ടെങ്കിൽ എന്തും ആകാമെന്ന അവസ്ഥയാണ് ഇവിടെയുള്ളത്. അനധികൃത മായി പോലീസിൽ സ്വാധീനം ചെലുത്തിയോ പോലീസിനെ കൈയേറ്റം ചെയ്തോ കുറ്റ വാളികളെ രക്ഷപ്പെടുത്തുന്ന രാഷ്ട്രീയാക്കാരാണ് തീവ്രവാദികളും ഈ രാജ്യത്തെ നശിപ്പി ക്കുന്നതിൽ മുൻപന്തിയിലുള്ളവരും. അവർക്കു മുമ്പിൽ കവാത്ത് മറക്കുന്ന നിയമപാലകരും കുറ്റവാളികൾ തന്നെ. എന്തിനേറെ ഉന്നത നീതിപീഠങ്ങളിലെ ജഡ്ജിമാർ പോലും കുറ്റകൃത്യ ങ്ങളിൽനിന്ന് മുക്തരല്ല.

സ്വാധീനമുണ്ടെങ്കിൽ മേലേഗാവ് സംഭവത്തിൽ ഖോരക്പൂർ ബി.ജെ.പി പാർല മെന്റംഗം യോഗിആദ്യത്യനാഥ് നിയപാലകരെ വെല്ലുവിളിച്ചതുപോലെ ആരെയും വെല്ലുവി ളിക്കാം, രാജ്താക്കറെപ്പോലെ കോടതിയെ വെല്ലുവിളിച്ച് വംശീയകലാപത്തിന് തിരികൊളു ത്താം, മതതീവ്രവാദത്തിന്റെ പേരിൽ പ്രത്യേക സമുദായത്തിലെ യുവാക്കളെ ജയിലിലട ക്കാം, ഭരണനിർവഹണ രംഗത്ത് ആരെയും തിരുകിക്കയറ്റാം അങ്ങനെ പലതും ചെയ്യാം. കുറ്റവാളികളാണ് ഭരണരംഗത്തും രാഷ്ട്രീയതലപ്പത്തുമെന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് അബദ്ധമല്ല.

നേരും നെറിയുമാണാവശ്യം. അതുണ്ടെങ്കിൽ എല്ലാം ശുഭമായിത്തീരും. മനുഷ്യർക്കി ല്ലാതെപോകുന്നതും അതുതന്നെ. പല രംഗത്തും നമുക്ക് നാണമില്ലാതായിക്കൊണ്ടിരിക്കു കയാണ്.

മാനവും മര്യാദയുമൊക്കെ മനുഷ്യസ്വഭാവത്തിന്റെ ഭാഗമാകുമ്പോഴാണ് നാടും ജന ജീവിതവും നന്നാവുക. ഉത്തരവാദപ്പെട്ടവർക്ക് അതില്ലാതെയായാൽ അവർ കൈകാര്യം ചെയ്യുന്ന മേഖലയും നാടും നാശമടയും. കുടുംബനാഥൻ മക്കൾക്കിടയിൽ നീതി പാലിച്ചി ല്ലെങ്കിൽ കുടുംബം നശിക്കും. സന്താനങ്ങൾ ജീവിച്ചിരിക്കെ സന്താനസൗഭാഗ്യമില്ലാത്തവന്റെ ദൗർഭാഗ്യത്തിലേക്ക് അയാൾ അധഃപതിക്കും. കുടുംബാംഗങ്ങൾക്കിടയിൽ സ്നേഹവും വിശ്വാസ്യതയും ഇല്ലാതെയാകും. നാട് ഭരിക്കുന്നവരിൽ ആ ഗുണമില്ലെങ്കിൽ നാട് നശിക്കും. ജനങ്ങൾ തമ്മിൽ സ്നേഹബന്ധം കുറയും. നീതി ഇല്ലാതെയാകും. നിയമം കൈയേറ്റം ചെയ്യ പ്പെടും. അധ്യാപകരിൽ ഈ ബോധമില്ലെങ്കിൽ വിദ്യാർഥികളുടെ ജീവിതം നശിക്കും. കലാ ലയവും നശിക്കും.

നേരും നെറിയും ജീവിതത്തിന്റെ സമാധാനത്തിനും സുഖത്തിനും അനിവാര്യമാണ്. അതിന്റെ അഭാവത്തിൽ ഉടലെടുക്കുന്ന പ്രയാസങ്ങളെ പഴിച്ചതുകൊണ്ട് കാര്യമില്ല. കാരണം, മനുഷ്യന്റെ ജീവിതരീതിയാണ് കുഴപ്പം ഉണ്ടാക്കുന്നത്. സ്വാർഥതയുള്ളേടത്ത് നിയമങ്ങൾക്ക് പ്രസക്തിയില്ല. അവിടെ സ്വാധീനമുള്ളവന് എന്തും സാധിക്കും. അതാണ് നമ്മുടെ രാജ്യത്ത് സംഭവിക്കുന്നത്.